പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി VI
(SUBJECT COMMITTEE VI)

വിദ്യാഭ്യാസം
(EDUCATION)

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട്
(2026-2027)

SIXTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
(2026-2027)

2026 ഫെബ്രുവരി 23-ാം തീയതി സമർപ്പിച്ചത്
(Presented on 23rd, February 2026)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2026

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി VI

(SUBJECT COMMITTEE VI)

വിദ്യാഭ്യാസം

(EDUCATION)

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച
ആറാമത് റിപ്പോർട്ട്

(2026-2027)

SIXTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2026-2027)

220/2026

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1

സബ്ജക്ട് കമ്മിറ്റി VI

(വിദ്യാഭ്യാസം)

(2023-2026)

ഘടന

ചെയർപേഴ്സൺ:

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ:

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധന - സാംസ്കാരിക - യുവജനകാര്യ വകുപ്പുമന്ത്രി.

അംഗങ്ങൾ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി.

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി.

ശ്രീമതി ബീന ഒ. എം., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി.

അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2026-2027 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് സമിതിയുടെ ചെയർപേഴ്സൺ ആയ ഞാൻ സമർപ്പിക്കുന്നു.

2026 ഫെബ്രുവരി 6, 10 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം ധനാഭ്യർത്ഥന നമ്പർ XVII (വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം) XLVI (സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും) എന്നിവയിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ ഘട്ടങ്ങളിൽ കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധിക തുക അനുവദിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി 17-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. ശിവൻകുട്ടി,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VI.

തിരുവനന്തപുരം,
2026 ഫെബ്രുവരി 23.

റിപ്പോർട്ട്

ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

വോട്ടു ചെയ്തത് : 34154.7886 കോടി രൂപ

ചാർജ്ജ് ചെയ്തത് : 31.51 ലക്ഷം രൂപ

പൊതുവിദ്യാഭ്യാസ വകുപ്പ്

2202-01-101-99—ലോവർപ്രൈമറി സ്കൂളുകൾ

വിഹിതം - 2280.5954 കോടി രൂപ (പദ്ധതിയേതരം)

1. സർക്കാർ ലോവർപ്രൈമറി സ്കൂളുകളിലെ അധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ 2023 ഫെബ്രുവരി മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുകകൾ വിതരണം ചെയ്യുന്നതിന് പ്രസ്തുത ഇനത്തിൽ അധികമായി 1.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-101-98—അപ്പർപ്രൈമറി സ്കൂളുകൾ

വിഹിതം - 1875.6466 കോടി രൂപ (പദ്ധതിയേതരം)

2. സർക്കാർ അപ്പർപ്രൈമറി സ്കൂളുകളിലെ അധ്യാപകർ ഉൾപ്പടെയുള്ള ജീവനക്കാരുടെ 2023 ഫെബ്രുവരി മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുക വിതരണം ചെയ്യുന്നതിന് ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പ്രസ്തുത കണക്കിനത്തിൽ അധികമായി 2.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-102-99 —ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം - ടീച്ചിംഗ് ഗ്രാന്റ്

വിഹിതം - 6657.6249 കോടി രൂപ (പദ്ധതിയേതരം)

3. എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അധ്യാപകർ ഉൾപ്പടെയുള്ള ജീവനക്കാരുടെ 2022 ഒക്ടോബർ മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് കുടിശ്ശിക നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 70 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-102-93-02-4—പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായം - വേതനം - കൺസോളിഡേറ്റഡ് പേ

വിഹിതം - 61.50 കോടി രൂപ (പദ്ധതിയേതരം)

4. പി.ടി.എ. യുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ ജീവനക്കാരുടെ ഓണറേറിയം തുക വർദ്ധിപ്പിച്ച കോടതി ഉത്തരവ് പ്രകാരം കുടിശ്ശിക ഉൾപ്പെടെ അനുവദിക്കുന്നതിന് അധികമായി 10 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-104-99—പരിശോധന

വിഹിതം - 168.7431 കോടി രൂപ (പദ്ധതിയേതരം)

5. സംസ്ഥാനത്തെ വിവിധ എ.ഇ.ഒ. ഓഫീസുകളിലെ ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ വാടക, വാടക കുടിശ്ശിക, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നീ ഇനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈയിനങ്ങളിൽ അധികമായി 1.3625 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-111-96(02)—സമഗ്ര ശിക്ഷാ കേരള പ്രോജക്റ്റ് ഡയറക്ടേറ്റ് - സംസ്ഥാന വിഹിതം

വിഹിതം - 45 കോടിരൂപ (പദ്ധതി)

6. പ്രസ്തുത പദ്ധതിയുടെ കേന്ദ്ര വിഹിതമായ 60% ത്തിന് ആനുപാതികമായി 40% തുക സംസ്ഥാന വിഹിതമായി വകയിരുത്തേണ്ടതായിട്ടുള്ളതിനാൽ ഈയിനത്തിൽ 261 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-111-96(03)—സമഗ്ര ശിക്ഷാ കേരളം - പ്രോജക്റ്റ് ഡയറക്ടറേറ്റ് സംസ്ഥാനത്തിന്റെ അധിക സഹായം

വിഹിതം - 23 കോടി (പദ്ധതി)

7. സമഗ്ര ശിക്ഷാ കേരളം സ്റ്റേറ്റ് ഓഫീസ് നിർമ്മാണത്തിനും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ശംബളത്തിനും ജില്ലാ ഓഫീസുകളുടെ നവീകരണത്തിനും സംസ്ഥാന കാര്യാലയം ട്രെയിനിംഗ് ഹബ്ബാക്കുന്നതിനും 55 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-111-96-(04)—<u>സമഗ്രശിക്ഷാ കേരളം സംസ്ഥാന സർക്കാർ മുൻകൂറായി നൽകിയ തദ്ദേശസ്വയംഭരണ വിഹിതം</u>

വിഹിതം - ഇല്ല

8. ഈ പദ്ധതിയുടെ സംസ്ഥാന വിഹിതത്തിന്റെ 74 ശതമാനം തുക എലിമെന്ററി എഡ്യൂക്കേഷൻ എന്ന ഘടകത്തിനാണ്. ഈ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാൽ മാത്രമേ കേന്ദ്രത്തിൽ നിന്നും ആദ്യ ഗഡു അനുവദിക്കുകയുള്ളൂ. ആകയാൽ ഈയിനത്തിൽ <u>230 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-01-111-95-(01)—<u>സമഗ്രശിക്ഷാ കേരള അധ്യാപനം ശക്തിപ്പെടുത്തൽ സംസ്ഥാനങ്ങൾക്കുള്ള പഠനവും ഫലങ്ങളും (സ്റ്റാർസ്)</u>

വിഹിതം - ഇല്ല.

9. 60:40 അനുപാതത്തിലുള്ള പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 2026-27 വർഷം പൂർത്തിയാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് <u>200 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-01-111-95-(02)—<u>സമഗ്ര ശിക്ഷ - അധ്യാപനം ശക്തിപ്പെടുത്തൽ സംസ്ഥാനങ്ങൾക്കുള്ള പഠനവും ഫലങ്ങളും</u>

വിഹിതം - 10 കോടി രൂപ (പദ്ധതി)

10. കേന്ദ്ര വിഹിതമായ 60%-ത്തിന് ആനുപാതികമായ 40% സംസ്ഥാന വിഹിതമായി വകയിരുത്തിയാൽ മാത്രമേ കേന്ദ്ര ഫണ്ട് ലഭിക്കുകയുള്ളൂ എന്നതിനാൽ ഈയിനത്തിൽ <u>100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-01-112-90(01)—<u>പ്രധാനമന്ത്രി പോഷൺ ശക്തി നിർമ്മാൺ - കേന്ദ്രവിഹിതം</u>
വിഹിതം - 225 കോടി രൂപ (പദ്ധതി)

11. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നിരക്കുകൾ 2024 ഡിസംബർ മാസം പരിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രതീക്ഷിത കേന്ദ്ര വിഹിതത്തിന് അനുപാതിക സംസ്ഥാന വിഹിതമായി നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ <u>പദ്ധതിയിനത്തിൽ അധികമായി 63.92 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-01-112-90(02)—<u>പ്രധാനമന്ത്രി പോഷൺ ശക്തി നിർമ്മാൺ -സംസ്ഥാനവിഹിതം</u>

വിഹിതം - 150 കോടി രൂപ (പദ്ധതി)

12. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നിരക്കുകൾ 2024 ഡിസംബർ മാസം മുതൽ പരിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രതീക്ഷിത കേന്ദ്രവിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതമായി നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ <u>പദ്ധതിയിനത്തിൽ അധികമായി 18.95 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-01-112-89—<u>പ്രധാനമന്ത്രി പോഷൺ ശക്തി നിർമ്മാൺ – സംസ്ഥാനത്തിന്റെ അധിക സഹായം</u>

വിഹിതം - 260.66 കോടി രൂപ (പദ്ധതി)

13. പൂർണ്ണമായും സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന അനുബന്ധ പോഷണവും ഉച്ചഭക്ഷണവും പദ്ധതിയുടെ ഭാഗമായുള്ള ചെലവുകൾക്കും, പാചകതൊഴിലാളികൾക്ക് കേന്ദ്ര സംസ്ഥാന മാൻഡേറ്ററി വിഹിതത്തിനു പുറമേയുള്ള അധിക ഓണറേറിയം നൽകുന്നതിനും, സപ്ലൈകോയ്ക്ക് കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരമുള്ള നിരക്കായ മെട്രിക് ടണ്ണിന് 1,500 രൂപയ്ക്ക് പുറമേ മെട്രിക് ടണ്ണിന് 650 രൂപാ വീതം അധിക കടത്ത് കൂലി നൽകുന്നതിനും, പാചകതൊഴിലാളികൾക്ക് ഏപ്രിൽ, മേയ് മാസങ്ങളിൽ സമാശ്വാസം നൽകുന്നതിനും, പാചക ചെലവിനത്തിൽ അധികമായി വഹിക്കുന്ന തുക നൽകുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>പദ്ധതിയിനത്തിൽ അധികമായി 125.1455 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-01-191-50—<u>കോർപ്പറേഷനുകൾക്കുള്ള സഹായം -റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

വിഹിതം - 25 ലക്ഷം രൂപ (പദ്ധതിയേതരം)

14. പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് കുടിശ്ശിക തുക ഉൾപ്പെടെയുള്ളവ വിതരണം ചെയ്യുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികമായി <u>6 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-01-192-50—<u>മുനിസിപ്പാലിറ്റികൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

വിഹിതം - 50 ലക്ഷം രൂപ (പദ്ധതിയേതരം)

15. പ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ സ്കോളർഷിപ്പ് കുടിശ്ശിക തുക ഉൾപ്പെടെ ഉള്ളവ വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-196-50—ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം - റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

വിഹിതം - 50 ലക്ഷം രൂപ (പദ്ധതിയേതരം)

16. പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് കുടിശ്ശിക തുക ഉൾപ്പെടെ ഉള്ളവ വിതരണം ചെയ്യുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-198-50—വില്ലേജ് പഞ്ചായത്തുകൾക്കുള്ള സഹായം - റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

വിഹിതം - 1.2 കോടി രൂപ (പദ്ധതിയേതരം)

17. ഗ്രാമപഞ്ചായത്ത് മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് കുടിശ്ശിക തുക ഉൾപ്പെടെ ഉള്ളവ വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 7 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-800-77—മഹിളാ സമഖ്യ പ്രോഗ്രാം

വിഹിതം - 3 കോടി രൂപ (പദ്ധതിയേതരം)

18. 8 മഹിളാ ശിക്ഷൺ കേന്ദ്രങ്ങളുടെയും 6 ജില്ലാ നിർവ്വഹണ യൂണിറ്റുകളുടെയും, സ്റ്റേറ്റ് പ്രോജക്ട് ഓഫീസിന്റെയും പ്രവർത്തനങ്ങൾക്കും മഹിള സമഖ്യ സൊസൈറ്റിയുടെ ഫീൽഡുതല പ്രവർത്തനങ്ങൾക്കുമായി ബജറ്റ് വിഹിതത്തിനുപുറമേ 5.13 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-99—ഡയറക്ടേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ

വിഹിതം - 37.3756 കോടി രൂപ (പദ്ധതിയേതരം)

19. വിദ്യാഭ്യാസ ഡയറക്ടേറ്റിലെ പദ്ധതിയേതര ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഇലക്ട്രിസിറ്റി, വാട്ടർ ചാർജ്ജ്, റിപ്പയർ, മറ്റു ചെലവുകൾ എന്നീ കണക്കിനങ്ങളിലായി അധികമായി 64.90 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-98—മുഖ്യ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടേറ്റുകൾ)

വിഹിതം - 115.8369 കോടി രൂപ (പദ്ധതിയേതരം)

20. ജൂലൈ 2024 മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് കുടിശ്ശിക നൽകുന്നതിനും താരിഫ് വർദ്ധനവ് പ്രകാരമുള്ള ഇലക്ട്രിസിറ്റി ചാർജ്ജ് ഒടുക്കുന്നതിനും അധികതുക ആവശ്യമായതിനാൽ ഈയിനങ്ങളിലായി 22.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-95-34-3—വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം

വിഹിതം - 6 കോടി രൂപ (പദ്ധതി) 4.20 കോടി രൂപ (പദ്ധതിയേതരം)

21. നിർബന്ധമായും വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട പാഠ്യ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായും പരീക്ഷാ ആവശ്യങ്ങൾക്കും അധിക തുക ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിലെ കണക്കിനത്തിൽ പദ്ധതിയിനത്തിൽ 4 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 7.2 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-94—ഡയറക്ടേറ്റ് ഓഫ് ഹയർസെക്കൻഡറി എഡ്യൂക്കേഷൻ (പ്ലസ് ടു)

വിഹിതം - 86.53 കോടി രൂപ (പദ്ധതിയേതരം)

22. പ്ലസ്‌വൺ, പ്ലസ്ടു പരീക്ഷകളുടെ ചോദ്യപേപ്പർ അച്ചടിക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ ചെലവുകൾക്കായും, ജീവനക്കാരുടെ ചികിത്സാ ചെലവ് തുടങ്ങിയവയ്ക്കായും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 12 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-92—ഹയർസെക്കൻഡറി എഡ്യൂക്കേഷൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടേറ്റ്

വിഹിതം - 12.0293 കോടി രൂപ (പദ്ധതിയേതരം)

23. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ ജീവനക്കാരുടെ ചികിത്സാ ചെലവ് നൽകുന്നതിന് അധികമായി 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-81—സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്

വിഹിതം - 40 ലക്ഷം രൂപ (പദ്ധതിയേതരം)

24. സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 25 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-101-99—ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ - പരിശോധന

വിഹിതം - 84.4501 കോടി രൂപ (പദ്ധതിയേതരം)

25. 2023 ഒക്ടോബർ മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് കുടിശ്ശിക നൽകുന്നതിനും, ഇലക്ട്രിസിറ്റി ചാർജ്ജ്, വാടക എന്നിവ അടയ്ക്കുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 39.63 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-106-99—പാഠപുസ്തക പ്രസിദ്ധീകരണം

വിഹിതം - 90.2480 കോടി രൂപ (പദ്ധതിയേതരം)

26. പാഠപുസ്തക ഓഫീസിലെ മുൻ വർഷങ്ങളിലെ പ്രിന്റിംഗ് ചാർജ്ജ്, വിതരണ ചാർജ്ജ് കുടിശ്ശിക, സാധന സാമഗ്രികൾ വാങ്ങൽ എന്നീ ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 202.7459 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-107-95-12—സൈനിക സ്കൂളുകൾക്കുള്ള സ്കോളർഷിപ്പ്- സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും

വിഹിതം - 1.5 കോടി രൂപ (പദ്ധതിയേതരം)

27. സ്കോളർഷിപ്പ് തുക കുടിശ്ശിക വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ അധികമായി 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-108-99—പരീക്ഷാ വിഭാഗം

വിഹിതം - 37.3694 കോടി രൂപ (പദ്ധതിയേതരം)

28. പരീക്ഷാ വിഭാഗത്തിന് CV കവറുകൾ, ഉത്തരക്കടലാസുകൾ എന്നിവ പ്രിന്റ് ചെയ്ത വകയിലെ കുടിശ്ശിക, ടാക്സ് കുടിശ്ശിക എന്നിവ നൽകുന്നതിനും 3 കവചിത വാഹനം വാങ്ങുന്നതിനും വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കും വിവിധ പരീക്ഷകളുടെ കണ്ടിജൻസി ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ തുക അപര്യാപ്തമായതിനാൽ അധികമായി 43.5402 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-99—സെക്കൻഡറി സ്കൂളുകൾ

വിഹിതം - 2422.6820 കോടി രൂപ (പദ്ധതിയേതരം)

29. സംസ്ഥാനത്തെ ഗവൺമെന്റ് സെക്കൻഡറി സ്കൂളുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 1.15 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-86—ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ (പ്ലസ് ടു കോഴ്സ്)

വിഹിതം - 2209.6978 കോടി രൂപ (പദ്ധതിയേതരം)

30. അധ്യാപക/അനധ്യാപക ജീവനക്കാരുടെ ചികിത്സ ചെലവ് നൽകുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 12 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-78-34-3—ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ - മറ്റു ചെലവുകൾ - മറ്റിനം

വിഹിതം - 7.70 ലക്ഷം രൂപ (പദ്ധതിയേതരം)

31. സ്പെഷ്യൽ സ്കൂളുകൾക്കുള്ള(ഗവൺമെന്റ്) ഡയറ്റ് ചാർജ്ജ്, ബോർഡിംഗ് ഗ്രാന്റ് എന്നിവയുടെ കുടിശ്ശിക നൽകുന്നതിന് അധിക തുക ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 22.30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-71—അക്കാദമിക് എക്സലൻസ്

വിഹിതം - 56.25 കോടി രൂപ (പദ്ധതി)

32. സംസ്കൃത വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മുൻ വർഷത്തെ ബജറ്റ് വിഹിതം കുറവ് വന്നതിനാൽ സ്കോളർഷിപ്പ് തുക കുട്ടികൾക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ആ ഇനത്തിൽ അധികമായി 40 ലക്ഷം രൂപയും ഗോത്ര വർഗ്ഗ വിദ്യാർത്ഥികൾക്ക് ദൃശ്യ മാധ്യമ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന കനിവ് പദ്ധതി, കുട്ടികൾ രചിച്ച 200 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന പദ്ധതി എന്നീ പദ്ധതികൾ നടത്തുന്നതിനായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിക്കായി അധികമായി 3.25 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-110-99—ഗവൺമെന്റേതര സെക്കൻഡറി സ്കൂളുകൾക്കുള്ള സഹായം - ടീച്ചിംഗ് ഗ്രാന്റ്

വിഹിതം - 4229.9428 കോടി രൂപ (പദ്ധതിയേതരം)

33. സർക്കാർ ഇതര സെക്കൻഡറി സ്കൂളുകളിലെ ജീവനക്കാരുടെ 2023 ഏപ്രിൽ മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുകകൾ പൂർണ്ണമായി വിതരണം ചെയ്യുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 4 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-110-95-34-3—എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ - ടീച്ചിംഗ് ഗ്രാന്റ് - മറ്റു ചെലവുകൾ - മറ്റിനം

വിഹിതം - 11.47 ലക്ഷം രൂപ (പദ്ധതിയേതരം)

34. എയ്ഡഡ് മേഖലയിലുള്ള ഒരു ബധിര വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ ഡയറ്റ് ചാർജ്, ബോർഡിംഗ് ഗ്രാന്റ് എന്നിവയുടെ കുടിശ്ശിക നൽകാനുള്ളതിനാൽ അധിക തുക ആവശ്യമാണ്. ആയതിനാൽ ഈയിനത്തിൽ അധികമായി 21.53 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-110-94—എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകൾ - ടീച്ചിംഗ് ഗ്രാന്റ്

വിഹിതം - 2807.3454 കോടി രൂപ (പദ്ധതിയേതരം)

35. എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ ജീവനക്കാരുടെ ചികിത്സാ ചെലവ് നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ

ഈയിനത്തിൽ അധികമായി 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-191-50—കോർപ്പറേഷനുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

വിഹിതം - 20 ലക്ഷം രൂപ (പദ്ധതിയേതരം)

36. സെക്കൻഡറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-192-50—മുനിസിപ്പാലിറ്റികൾക്കുള്ള സഹായം - റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

വിഹിതം - 15 ലക്ഷം രൂപ (പദ്ധതിയേതരം)

37. സെക്കൻഡറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-196-50—ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

വിഹിതം - 65 ലക്ഷം രൂപ (പദ്ധതിയേതരം)

38. സെക്കൻഡറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-800-78—കഴക്കൂട്ടം സൈനിക് സ്കൂളിനുള്ള സ്പെഷ്യൽ ഗ്രാന്റ്

വിഹിതം - 1,000 രൂപ (പദ്ധതിയേതരം)

39. സൈനിക സ്കൂളിന്റെ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളു ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 15 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-80-004-91-36—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി. ഇ. ആർ.റ്റി.)

വിഹിതം - 21.25 കോടി രൂപ (പദ്ധതി)

40. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾക്ക് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. 2008-09 സാമ്പത്തിക വർഷം മുതൽ എസ്.സി.ഇ.ആർ.റ്റി-ക്ക് പദ്ധതിയേതരയിനത്തിൽ തുകയൊന്നും ലഭിക്കുന്നില്ല. അതിനാൽ ജീവനക്കാരുടെ ശമ്പള ചെലവ് വഹിക്കുന്നതിനായി 2202-80-004-91-31 എന്ന ശീർഷകം ഉൾപ്പെടുത്തി ആയതിൽ 9 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-202-77—സ്കൂൾ വിദ്യാഭ്യാസം - അടിസ്ഥാന സൗകര്യങ്ങൾ

വിഹിതം - 14 കോടി രൂപ (പദ്ധതി)

42. വസ്തു വാങ്ങുന്നതിനു വരുന്ന അധിക അപേക്ഷകൾ പരിഗണിക്കുന്നതിനും മുൻവർഷങ്ങളിൽ അനുവദിച്ച കെട്ടിടങ്ങളുടെ ബില്ലുകൾ മാറുന്നതിനും ഈ ശീർഷകത്തിൽ അധികമായി 12.20 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഉന്നതവിദ്യാഭ്യാസ വകുപ്പ്

2202-03-102-77—നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യുവാൽസ്)

വിഹിതം - 12.44 കോടി രൂപ (പദ്ധതി)

43. ന്യുവാൽസിന്റെ ക്യാമ്പസ് വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനു വേണ്ടി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 18 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-92-05—തിരുവനന്തപുരം ലോ കോളേജ് - ഓഫീസ് ചെലവുകൾ -

വിഹിതം
1-വെള്ളക്കരം -2.31 ലക്ഷം രൂപ (പദ്ധതിയേതരം)

3-ടെലിഫോൺ ചെലവ് - 1.05 ലക്ഷം രൂപ (പദ്ധതിയേതരം)

44. ഈ ശീർഷകങ്ങളിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ വെള്ളക്കരം ഇനത്തിൽ 7.13 ലക്ഷം രൂപയും ടെലിഫോൺ ചെലവിനത്തിൽ 2 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-90-02-5—എറണാകുളം ലോ കോളേജ് - വേതനം - ദിവസവേതനം

വിഹിതം - 25 ലക്ഷം രൂപ (പദ്ധതിയേതരം)

45. കൺസോളിഡേറ്റഡ് പേയിലെ ജീവനക്കാർക്കായി 2202-03-103-90-02-4 (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 27.56 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഭാഗത്തിൽ ജീവനക്കാർ ആരും ഇല്ലാത്തതിനാൽ ഈ ശീർഷകത്തിൽ തുക ആവശ്യമില്ല. ആയതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ 27.56 ലക്ഷം രൂപ 2202-03-103-90-02-5—ദിവസവേതനം എന്ന ശീർഷകത്തിലേക്ക് വകമാറ്റി അനുവദിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-90-04-4—എറണാകുളം ലോ കോളേജ് - അവധി യാത്രാനുകൂല്യം

വിഹിതം - 30,000 രൂപ (പദ്ധതിയേതരം)

46. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 30,000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-90-05-2—എറണാകുളം ലോ കോളേജ് - വൈദ്യുതി ചെലവ്

വിഹിതം - 4 ലക്ഷം രൂപ (പദ്ധതിയേതരം)

47. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 1 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-89-01—കോഴിക്കോട് ലോ കോളേജ്

വിഹിതം - 5.9736 കോടി രൂപ (പദ്ധതിയേതരം)

48. പ്രസ്തുത ശീർഷകത്തിൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിനും നേരെ സൂചിപ്പിക്കുന്ന തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഇനം	അധികമായി ആവശ്യപ്പെടുന്ന തുക
01 - 1 - ശമ്പളം	60 ലക്ഷം രൂപ
2 - ക്ഷാമബത്ത	30 ലക്ഷം രൂപ
3 - വീട്ടുവാടക	3 ലക്ഷം രൂപ
4- മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്	1 ലക്ഷം രൂപ

2202-03-103-89-04-4—കോഴിക്കോട് ലോ കോളേജ് - അവധിയാത്രാനുകൂല്യം

വിഹിതം - 1000 രൂപ (പദ്ധതിയേതരം)

49. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 67,507 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-89-05—കോഴിക്കോട് ലോ കോളേജ്-ഓഫീസ് ചെലവുകൾ

വിഹിതം - 5.50 ലക്ഷം രൂപ (പദ്ധതിയേതരം)

50. പ്രസ്തുത ശീർഷകത്തിൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിനും നേരെ സൂചിപ്പിക്കുന്ന തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05 - 1 - വെള്ളക്കരം	1 ലക്ഷം രൂപ
2 - വൈദ്യുതി ചെലവ്	2 ലക്ഷം രൂപ
3 - ടെലിഫോൺ	10,000 രൂപ
4 - മറ്റിനങ്ങൾ	10,000 രൂപ

2202-03-103-89-34-3—കോഴിക്കോട് ലോ കോളേജ് - മറ്റു ചെലവുകൾ - മറ്റിനം

വിഹിതം - 66,000 രൂപ (പദ്ധതിയേതരം)

51. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 10,000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-83-04—തൃശ്ശൂർ ലോ കോളേജ് - യാത്രാബത്ത

വിഹിതം

04-1-25,000 രൂപ (പദ്ധതിയേതരം)

04-4-1000 രൂപ (പദ്ധതിയേതരം)

52. തൃശ്ശൂർ ലോ കോളേജിന് താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഓരോന്നിനും നേരെ സൂചിപ്പിക്കുന്ന തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഇനം	അധികമായി ആവശ്യപ്പെടുന്ന തുക
04 - 1 - യാത്രാബത്ത	20,000 രൂപ
4 - അവധിയാത്ര ആനുകൂല്യം	20,000 രൂപ

2202-03-103-83-05-2—തൃശ്ശൂർ ലോ കോളേജ് - വൈദ്യുതി ചെലവ്

വിഹിതം -3.63 ലക്ഷം രൂപ (പദ്ധതിയേതരം)

53. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 87,000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-57 (01) -

2202-03-103-57(02) -

2202-03-789-96(01) -

2202-03-789-96(02) -

2202-03-796-96(01) -

2202-03-796-96(02) -

2202-03-103-44(01) -

2202-03-789-95(01) -

2202-03-796-95(01)—രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (ആർ.യു.എസ്.എ) (60% സി.എസ്.എസ്)

വിഹിതം - 81.44 കോടി രൂപ (പദ്ധതി)

54. റൂസ/ പി.എം. ഉഷ പദ്ധതിയുടെ പൂർത്തീകരണത്തിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 400 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-56—ഹയർ എഡ്യൂക്കേഷൻ കൗൺസിൽ

വിഹിതം - 22 കോടി രൂപ (പദ്ധതി)

55. ഉന്നതവിദ്യാഭ്യാസ നിക്ഷേപനയരൂപീകരണത്തിന്റെ ഭാഗമായി അന്തർദേശീയ കോൺക്ലേവുകൾ, ട്രാൻസ്ഫോർമേഷൻ ഇൻഷ്യേറ്റീവ് ഗ്ലോബൽ കോൺക്ലേവ്, അദ്ധ്യാപക പരിശീലന പരിപാടി, ഇ-ജേർണൽ കൺസോർഷ്യം, നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നിവ സംബന്ധിച്ച ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ അധികമായി 20.96 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-105-98 —ഇറുഡൈറ്റ് - സ്കോളേഴ്സ് ഇൻ റസിഡൻസ് പ്രോഗ്രാം

വിഹിതം - 80 ലക്ഷം രൂപ (പദ്ധതി)

56. പ്രമുഖ അക്കാദമിക വിദഗ്ധരെ ഉപയോഗിച്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-105-97-(02)—അധിക വൈദഗ്ദ്ധ്യം ആർജ്ജിക്കുന്നതിനുള്ള പദ്ധതി (എ.എസ്.എ.പി.) - (എഫ്.എ.പി)

വിഹിതം - 35.30 കോടി രൂപ (പദ്ധതി)

57. സാമൂഹികവും സാമ്പത്തികവുമായ പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി ഡ്രോൺ പൈലറ്റ് പരിശീലന പദ്ധതി, ഗ്ലോബൽ ക്യാപബിലിറ്റി സെന്റർ സ്ഥാപിക്കൽ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ അറ്റകുറ്റപണികൾ, ഐ.ടി. അനുബന്ധ ഉപകരണങ്ങളുടെ പരിപാലനം തുടങ്ങിയവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ

പദ്ധതിയിനത്തിൽ അധികമായി 34.15 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-188-99-31—കേരള സർവ്വകലാശാല - സഹായധനം - ശമ്പളം

വിഹിതം - 356.2830 കോടി രൂപ (പദ്ധതിയേതരം)

58. ശമ്പളം, പെൻഷൻ, അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം, ശമ്പള പരിഷ്കരണ കുടിശ്ശിക, യു.ജി.സി. കുടിശ്ശിക, പെൻഷൻകാർക്കുള്ള ക്ഷാമബത്ത കുടിശ്ശിക എന്നിവ നല്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 119 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-188-98-31—കോഴിക്കോട് സർവ്വകലാശാല - സഹായധനം - ശമ്പളം

വിഹിതം - 272.0313 കോടി രൂപ (പദ്ധതിയേതരം)

59. യു.ജി.സി. ശമ്പള പരിഷ്കരണ പ്രകാരവും, സംസ്ഥാന സർക്കാർജീവനക്കാരുടെ ശമ്പളപരിഷ്കരണ പ്രകാരവുമുള്ള ശമ്പളം, ശമ്പള കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ, ദിവസവേതന/കരാർ ജീവനക്കാരുടെ പരിഷ്കരിച്ച വേതനം എന്നീ ചെലവുകൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 65.7187 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-188-98-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

2202-03-188-98-36—സഹായധനം - ശമ്പളേതരം

വിഹിതം - 33.80 കോടി രൂപ (പദ്ധതി)

60. കോഴിക്കോട് സർവ്വകലാശാല പരീക്ഷാ നടത്തിപ്പുകൾക്കും അക്കാദമിക് പ്രവർത്തനങ്ങൾക്കും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കുമായി മാറ്റിവച്ച സർവ്വകലാശാലയുടെ തനത് ഫണ്ടിലെ തുക തിരിച്ചടയ്ക്കുന്നതിനും, നവീകരണ/വികസന/ഭരണ/അക്കാദമിക പ്രവർത്തനങ്ങളിലൂന്നിയുള്ള പദ്ധതികൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 58.4965194 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-188-97-31—മഹാത്മാഗാന്ധി സർവ്വകലാശാല -സഹായധനം - ശമ്പളം

വിഹിതം - 218.0950 കോടി രൂപ (പദ്ധതിയേതരം)

61. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും ശമ്പള പരിഷ്കരണ കുടിശ്ശികയും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിയേതരയിനത്തിൽ അധികമായി 107.8153 കോടി രൂപയും, ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-188-97-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

2202-03-188-97-36—സഹായധനം - ശമ്പളേതരം

വിഹിതം - 40.50 കോടി രൂപ (പദ്ധതി)

62. 2026-27 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിലെ പദ്ധതിയിനത്തിൽ അധികമായി 28.05 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-188-96-31—കണ്ണൂർ സർവ്വകലാശാല ധനസഹായം - ശമ്പളം

വിഹിതം - 73.6286 കോടി രൂപ (പദ്ധതിയേതരം)

63. അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ 11-ാം ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ നടത്തുന്നതിനും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 41.7554 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-188-96-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

2202-03-188-96-36 —സഹായധനം - ശമ്പളേതരം

വിഹിതം - 36.30 കോടി രൂപ (പദ്ധതി)

64. നേരത്തെ ഭരണാനുമതി ലഭിച്ചതും, ഇപ്പോൾ തുടരുന്നതും, പുതുതായി ഉൾപ്പെടുത്തിയതുമായ പദ്ധതി പൂർത്തീകരണത്തിനും നടത്തിപ്പിനുമായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 5.46 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-188-95-36—ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി - സഹായധനം - ശമ്പളേതരം

വിഹിതം - 12 കോടി രൂപ (പദ്ധതി)

65. കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും നടന്നുകൊണ്ടിരിക്കുന്ന വിദൂര വിദ്യാഭ്യാസത്തിന്റെ നടത്തിപ്പിനും, പുതിയ പഠന സഹായ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, കാമ്പസിന്റെ രണ്ടാംഘട്ട വികസനത്തിനും, നോളജ് സെന്റർ സ്ഥാപിക്കുന്നതിനും, സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ, പ്രിന്റിംഗ് പ്രസ്സ് എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 118.32 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-188-94-31—തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല – സഹായധനം - ശമ്പളം

വിഹിതം - 6.5958 കോടി രൂപ (പദ്ധതിയേതരം)

66. അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം, ഇൻക്രിമെന്റ്, ഡി.എ. എന്നീ ഇനങ്ങളിൽ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 9.9442 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-188-94-35—തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

2202-03-188-94-36—സഹായധനം - ശമ്പളേതരം

വിഹിതം - 13.50 കോടി രൂപ (പദ്ധതി)

67. പുതിയ ക്യാമ്പസ് നിർമ്മാണവും വികസനവും, അക്കാദമിക് ഭരണ വിഭാഗ കെട്ടിട നിർമ്മാണവും, മൂലധന ആസ്തികളുടെ രൂപീകരണം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ അധികമായി 32.80 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-188-93-31—ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - സഹായധനം - ശമ്പളം

വിഹിതം - 83.7552 കോടി രൂപ (പദ്ധതിയേതരം)

68. ജീവനക്കാരുടെ ശമ്പളവും, വിരമിച്ച ജീവനക്കാരുടെ പെൻഷനാനുകൂല്യങ്ങളും നൽകുന്നതിനും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 138.6748 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-188-93-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

2202-03-188-93-36—സഹായധനം - ശമ്പളേതരം

വിഹിതം - 24.14 കോടി രൂപ (പദ്ധതി)

69. സർവകലാശാലയുടെ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റുമായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 1.94 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-04-001-93 —തുടർവിദ്യാഭ്യാസ കേന്ദ്രം

വിഹിതം - 6.50 കോടി രൂപ (പദ്ധതി)

70. 2026-27 സാമ്പത്തിക വർഷത്തിലെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ പദ്ധതികൾക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 4.1343 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-80-800-45-35—കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് ആന്റ് ആർട്ട്സ്-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സാമ്പത്തിക സഹായം

വിഹിതം - ഇല്ല.

71. കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് & ആർട്സിലെ പർച്ചെയ്സ് ഓഫ് എക്വിപ്മെന്റ്, കൺസ്ട്രക്ഷൻ ഓഫ് ഗസ്റ്റ് ഹൗസ്, സോളാർ പവർ ജനറേഷൻ സിസ്റ്റം, ടെക്നിക്കൽ അപ്ഗ്രേഡിഷൻ ആന്റ്ഡ് കൺസ്ട്രക്ഷൻ വർക്ക് എന്നിവയ്ക്കുമായി 2202-80-800-45-35 എന്ന ശീർഷകം ഉൾപ്പെടുത്തി 38.83 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-80-800-45-36—കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് ആന്റ് ആർട്ട്സ്- സഹായധനം - ശമ്പളേതരം

വിഹിതം - 1.8523 കോടി രൂപ (പദ്ധതിയേതരം)

72. പ്രസ്തുത ശീർഷകത്തിൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 2.6877 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-001-99-05-1—സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് ഓഫീസ് ചെലവുകൾ - വെള്ളക്കരം

വിഹിതം - 95,000 രൂപ (പദ്ധതിയേതരം)

73. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വെള്ളക്കരം ഇനത്തിലെ മുൻവർഷത്തെ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിന് ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 2.55 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-001-93—വകുപ്പിന്റെ ശാക്തീകരണം

വിഹിതം - 1.57 കോടി രൂപ (പദ്ധതി)

74. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറേറ്റ് മേഖലാ ഓഫീസുകൾ, പരീക്ഷാ വിഭാഗം എന്നിവയുടെ വികസനത്തിനും, കളമശ്ശേരി സെന്ററിലെ മാനവശേഷി വികസനത്തിനും ആണ് ശീർഷകത്തിൽ തുക അനുവദിച്ചിരിക്കുന്നത്. അഞ്ച് ഓഫീസുകളുടെ പ്രവർത്തനങ്ങൾക്കും, ആധുനികവൽകരണത്തിനും, ദേശീയ സ്ഥാപനങ്ങളിൽ വച്ച് ജീവനക്കാർക്ക് പരിശീലനം നടത്തുന്നതിനും സെമിനാറുകൾ കോൺഫറൻസുകൾ സംഘടിപ്പിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-003-89—പഠന ബോധന പ്രവർത്തനങ്ങളുടെ നിലവാരമുയർത്തലും നൈപുണ്യ വിടവ് പരിഹരിക്കലും

വിഹിതം - 13.50 കോടി രൂപ (പദ്ധതി)

75. എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിലെ ഫാക്കൽറ്റി വികസനത്തിന്റെ ഭാഗമായി അധ്യാപകരെ NIT, IIT എന്നിവിടങ്ങളിൽ PhD, M.Tech പഠനത്തിനായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചുവരുന്നു. ടി കാലയളവിൽ അധ്യാപകരുടെ ശമ്പളവും

അലവൻസും പ്രസ്തുത ശീർഷകത്തിൽ നിന്നും അനുവദിക്കുന്നു. നിലവിൽ 176 അധ്യാപകർ പ്രസ്തുത പദ്ധതിയിൻ കീഴിൽ ഉന്നത പഠനം നടത്തിവരുന്നു. ഇവർക്ക് ശമ്പളവും അലവൻസും നൽകുന്നതിന് പ്രതിമാസം 2.25 കോടി രൂപ ആവശ്യമായി വരുന്നു. കൂടാതെ ഇന്റസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ, അക്കാദമിക് സ്റ്റാഫ് കോളേജ്, പ്ലേസ്സ്മെന്റ് ആൻഡ് ട്രെയിനിംഗ്, പഠന സഹായ പദ്ധതി, പുനർജനി, ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ, SHE പദ്ധതിയുടെ വിപുലീകരണം എന്നിവയ്ക്കായി ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 17.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-103-99—ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം

വിഹിതം - 5.75 കോടിരൂപ (പദ്ധതി)

76. ടെക്നിക്കൽ ഹൈസ്കൂളുകൾക്കായി ഫർണിച്ചർ, കമ്പ്യൂട്ടർ, യു. പി. എസ്. എന്നിവ വാങ്ങുന്നതിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 5.25 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-103-99-34-2—ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം - വൈദ്യുതി

വിഹിതം - 41.93 ലക്ഷം രൂപ (പദ്ധതിയേതരം)

77. ഈ ശീർഷകത്തിൻ കീഴിൽ ടെക്നിക്കൽ ഹൈസ്കൂളുകളിലെ വൈദ്യുത ബില്ലുകളുടെ കുടിശ്ശിക നൽകുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതര യിനത്തിൽ അധികമായി 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-103-99-12—ടെക്നിക്കൽ ഹൈസ്കൂളുകളിലെ സ്കോളർഷിപ്പുകളും സ്റ്റൈഫൻഡുകളും

വിഹിതം - 12.50 ലക്ഷം രൂപ (പദ്ധതിയേതരം)

78. ടെക്നിക്കൽ ഹൈസ്കൂളുകളിലെ സ്കോളർഷിപ്പ് ഇനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക തുകകൾ നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-104-95- 31—വ്യാവസായിക സ്കൂളുകൾ - സഹായധനം -ശമ്പളം

വിഹിതം - 11.55 ലക്ഷം രൂപ (പദ്ധതിയേതരം)

79. വ്യാവസായ സ്കൂളുകളിലെ അധ്യാപകർക്ക് മുൻവർഷങ്ങളിലെ ടീച്ചിംഗ് ഗ്രാന്റ് നൽകുവാൻ ബജറ്റ് വിഹിതം അര്യാപ്തമായതിനാൽ അധികമായി 40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-108-99-34 -3—പരീക്ഷകൾ - പരീക്ഷാ വിഭാഗം - മറ്റു ചെലവുകൾ - മറ്റിനം

വിഹിതം - 3.99 കോടി രൂപ (പദ്ധതിയേതരം)

80. പരീക്ഷാ വിഭാഗത്തിന്റെ മറ്റിന ചെലവുകളിലെ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അര്യാപ്തമായതിനാൽ അധികമായി 2.01 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-99-04-4—എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം - അവധി യാത്രാനുകൂല്യം

വിഹിതം - 1.50 ലക്ഷം രൂപ (പദ്ധതിയേതരം)

81. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ ജീവനക്കാരുടെ അവധി യാത്രാനുകൂല്യത്തിലെ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-82-06—തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് - വാടക കരം നികുതി

വിഹിതം - 46,000 രൂപ (പദ്ധതിയേതരം)

82. എഞ്ചിനിയറിംഗ് കോളേജിന്റെ കെട്ടിട നികുതി ഇനത്തിൽ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിന് ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 8 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-82-34-2—തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് -മറ്റു ചെലവുകൾ - വൈദ്യുതി ചെലവ്

വിഹിതം - 60.5 ലക്ഷം രൂപ (പദ്ധതിയേതരം)

83. വൈദ്യുതി ചെലവ് ഇനത്തിൽ അനുവദിച്ച തുക വൈദ്യുതി ബില്ലുകളുടെ മുൻ വർഷത്തെ കുടിശ്ശിക തുക നൽകുന്നതിന് അപര്യാപ്തമായതിനാൽ അധികമായി 13 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-81-05-1—<u>പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ -ഓഫീസ് ചെലവുകളിലെ വെള്ളക്കരം</u>

വിഹിതം - 3.76 ലക്ഷം രൂപ (പദ്ധതിയേതരം)

84. ഈ ശീർഷകത്തിൽ ഓഫീസ് ചെലവുകളിലെ വെള്ളക്കരം ഇനത്തിൽ മുൻവർഷത്തെ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിന് അധികമായി <u>17 ലക്ഷം, ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2203-00-112-81-34-1—<u>പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ-മറ്റുചെലവുകൾ - വെള്ളക്കരം</u>

വിഹിതം - 9.45 ലക്ഷം രൂപ (പദ്ധതിയേതരം)

85. ഈ ശീർഷകത്തിൽ മറ്റു ചെലവുകളിലെ വെള്ളക്കരം ഇനത്തിൽ മുൻവർഷങ്ങളിലെ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിന് അധികമായി <u>77 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2203-00-112-72—<u>സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡവലപ്മെന്റ്</u>

വിഹിതം - 3 കോടി രൂപ (പദ്ധതി)

86. പ്രസ്തുത ശീർഷകത്തിലെ പദ്ധതിയിനത്തിൽപ്പെട്ട വിവിധ ഘടകങ്ങളുടെ ചെലവുകൾക്കായി നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ <u>8.535 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2203-00-112-60-31—<u>ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി) - സഹായധനം- ശമ്പളം</u>

വിഹിതം - 17.2943 കോടി രൂപ (പദ്ധതിയേതരം)

87. പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>അധികമായി 169.7785 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2203-00-112-60-35—<u>ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്</u>

2203-00-112-60-36—<u>(ഐ.എച്ച്.ആർ.ഡി)-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

വിഹിതം - 40 കോടി രൂപ (പദ്ധതി)

88. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും, വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രസ്തുത ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 441.4949 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-60-36—ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്. ആർ. ഡി) - സഹായധനം - ശമ്പളേതരം

വിഹിതം -6.2056 കോടി (പദ്ധതിയേതരം)

89. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ 3 നഴ്സിംഗ് കോളേജുകളും, കോളേജ് ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് തുടങ്ങുന്നതിനും, മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ ഏറ്റെടുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് അധികമായി 20.5380 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-58-35—എൽ.ബി.എസ്.-സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

വിഹിതം - 5.7480 കോടി രൂപ (പദ്ധതി)

90. എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ, പൂജപ്പുര, തിരുവനന്തപുരം, എൽ.ബി.എസ്. കാസർഗോഡ് - പുതിയ ബ്ലോക്കിന്റെ നിർമ്മാണം, ഇൻഡോർ ഓഡിറ്റോറിയം നിർമ്മാണം തുടങ്ങിയവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 40.51 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-58-36—എൽ. ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി സഹായധനം - ശമ്പളേതരം

വിഹിതം - ഇല്ല (പദ്ധതിയേതരം)

91. പ്രസ്തുത സെന്ററുകളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-188-99-31—കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല- സഹായധനം -ശമ്പളം

വിഹിതം - 187.0942 കോടി രൂപ (പദ്ധതിയേതരം)

92. വിദ്യാർത്ഥികൾക്കുള്ള ഗവേഷണ ഗ്രാന്റ്, അധ്യാപക-അനധ്യാപക ജീവനക്കാരുടെ ഇൻക്രിമെന്റ്, വിരമിച്ച ജീവനക്കാരുടെ പെൻഷൻ എന്നിവ നൽകുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി പദ്ധതിയേതരയിനത്തിൽ 107.7102 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-188-99-35—കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല (കുസാറ്റ്) - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

2203-00-188-99-36—സഹായധനം - ശമ്പളേതരം

വിഹിതം - 33.25 കോടി രൂപ (പദ്ധതി)

93. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുമായി ബന്ധപ്പെട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കും, അടിസ്ഥാന സൗകര്യ വികസനത്തിനും, വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ/ കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങുന്നതിനും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 28.54 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശചെയ്യുന്നു.

2203-00-188-98-35—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ.എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി) - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

വിഹിതം - 8.6130 കോടി രൂപ (പദ്ധതി)

94. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 62.7370 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-188-98-36—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ.എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി) – സഹായധനം - ശമ്പളേതരം

വിഹിതം - 17.4870 കോടി രൂപ (പദ്ധതി)

95. സർവ്വകലാശാല സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കും, സർവ്വകലാശാലയുടെ വിദ്യാർത്ഥി-നൈപുണ്യ വികസന പദ്ധതികൾ ഉൾപ്പെടെ വിവിധ ഘടകങ്ങളുടെ ചെലവുകൾക്കുമായി അധികമായി 19.6815 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

96. ഡോ. എ. പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ശമ്പള പെൻഷൻ ചെലവുകൾ നിർവ്വഹിക്കുന്നതിനായി 37.8763 കോടി രൂപ ആവശ്യമുണ്ട്. എന്നാൽ ഇതിലേക്കായി ശീർഷകം അനുവദിക്കുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ ആവശ്യത്തിലേക്കായി പുതിയ ശീർഷകം അനുവദിച്ച് 37.8763 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-188-98-36—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ.എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി) - സഹായധനം-ശമ്പളേതരം

വിഹിതം - 42.4001 കോടി രൂപ (പദ്ധതിയേതരം)

97. ശമ്പളേതര ആവർത്തന ചെലവുകൾക്കായി നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 84.9656 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-800-91-36—കേരള സംസ്ഥാന നൂതന അച്ചടി പരിശീലനകേന്ദ്രം - ധനസഹായം സഹായധനം ശമ്പളേതരം

വിഹിതം - 6.49 കോടി രൂപ (പദ്ധതി)

98. സെന്ററിന്റെ ഹെഡ് ഓഫീസ് കോംപ്ലക്സിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഡിജിറ്റൽ പ്രിന്റിംഗ് മെഷീൻ, 6 ക്ലാസ് ബൈൻഡിംഗ് മെഷീൻ, പാക്കേജിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ മെഷീനുകൾ വാങ്ങുന്നതിനുമായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ അധികമായി 7.96 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-102-99-34-3—നാഷണൽ കേഡറ്റ് കോർപ്സ് -മറ്റു ചെലവുകൾ-മറ്റിനം

വിഹിതം - 13.6710 കോടി രൂപ (പദ്ധതിയേതരം)

99. കേഡറ്റുകൾക്ക് പരേഡ് നടത്തുന്നതിന്റെ ചെലവ്, 2025-26 വർഷത്തെ കുടിശ്ശിക റിഫ്രഷ്മെന്റ്/ ഓണറേറിയം സംബന്ധമായ ചെലവുകൾ എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി 42.8490 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-102-90 —<u>സംസ്ഥാനതല നാഷണൽ സർവ്വീസ് സ്കീം സെൽ</u>

വിഹിതം - 1.10 കോടി രൂപ (പദ്ധതി)

100. ജീവനക്കാരുടെ ബോണസ്, ഫെസ്റ്റിവൽ അലവൻസ്, അഡ്വാൻസ് എന്നിവ നൽകുന്നതിന് അധികമായി <u>1 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2204-00-102-76—<u>ദേശീയ റിപ്പബ്ലിക് പരേഡിൽ പങ്കെടുക്കുന്നതിനായുള്ള നാഷണൽ സർവ്വീസ് സ്കീം വോളന്റിയേഴ്സിനുള്ള സഹായം</u>

വിഹിതം -90,000 രൂപ (പദ്ധതിയേതരം)

101. ഈ വർഷം സംസ്ഥാന റിപ്പബ്ലിക്ക് ദിന പരേഡിൽ പങ്കെടുത്ത 40 വോളന്റീയേഴ്സിന് യൂണിഫോം നൽകിയ വകയിൽ ചെലവായ <u>1.40 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2204-00-102-74—<u>സംസ്ഥാന എൻ. എസ്. എസ്. അവാർഡുകൾ</u>

വിഹിതം - 4 ലക്ഷം രൂപ (പദ്ധതിയേതരം)

102. സംസ്ഥാന എൻ.എസ്.എസ്. അവാർഡുകൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് ശീർഷകത്തിൽ അധികമായി <u>1 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2205-00-105-99-36—<u>കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ</u>

വിഹിതം - 28.4432 കോടി രൂപ (പദ്ധതിയേതരം)

103. ബജറ്റിൽ പ്രഖ്യാപിച്ച ലൈബ്രേറിയൻ അലവൻസ് വർദ്ധനവ് നൽകുന്നതിന് പദ്ധതിയേതരയിനത്തിൽ അധികമായി <u>45.5702 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2205-00-105-96—<u>ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ്</u>

വിഹിതം - 10,000 രൂപ (പദ്ധതിയേതരം)

104. കോഴ്സ് നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി <u>42,000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4202-02-104-99 —<u>പോളിടെക്നിക് കെട്ടിടങ്ങൾ</u>

വിഹിതം - 24.01 കോടി രൂപ (പദ്ധതി)

105. സർക്കാർ പോളിടെക്നിക്കുകളിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും, പുതുതായി ആരംഭിക്കുന്ന പേരാമ്പ്ര പോളിടെക്നിക് കോളേജ്, വിളപ്പിൽശാല പോളിടെക്നിക് കോളേജ് എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 5.90 കോടി രൂപ പദ്ധതിയിനത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-81—എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെയും വികസനം

വിഹിതം - 21.25 കോടി രൂപ (പദ്ധതി)

106. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും, പുതിയതായി ആരംഭിക്കുന്ന ചെറുവത്തൂർ എഞ്ചിനീയറിംഗ് കോളേജിന്റെ അടിസ്ഥാന വികസനത്തിനും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 5.40 കോടി രൂപ പദ്ധതിയിനത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-70—പബ്ലിക്ക് യൂണിവേഴ്സിറ്റി കാമ്പസ് നിർമ്മാണവും വികസനവും (മലയാള സർവ്വകലാശാലയുടെ പുതിയ കാമ്പസും ഇൻഫ്രാസ്ട്രക്ചറൽ ഫെസിലിറ്റികളും)

വിഹിതം -1 ലക്ഷം രൂപ (പദ്ധതി)

107. പുതിയ കാമ്പസ് നിർമ്മാണവും വികസനവും അക്കാദമിക്- ഭരണവിഭാഗ കെട്ടിട നിർമ്മാണം എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 45 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-64—ഭൗതിക, മാനവിക, ഐ.ടി എന്നീ അടിസ്ഥാന സൗകര്യങ്ങളിൽ നിലവാരം ഉയർത്തൽ, വികസനം പരിപാലനം- കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന

വിഹിതം - 74 കോടി രൂപ (പദ്ധതി)

108. വകുപ്പിന്റെ കീഴിൽ പൊതു ഹോസ്റ്റൽ സംവിധാനം ഒരുക്കുവാനും, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഹോസ്റ്റൽ സ്ഥാപിക്കുവാനും K.N.M ഗവൺമെന്റ് കോളേജിന്റെ വികസനത്തിനായി 3.5 ഏക്കർ ഭൂമി ഏറ്റെടുക്കുവാനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 85 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സാംസ്കാരികകാര്യ വകുപ്പ്

2202-05-102-98-36—സംസ്ഥാന സർവ്വ വിജ്ഞാനകോശം പ്രസിദ്ധീകരണ കേന്ദ്രം - സഹായധനം - ശമ്പളേതരം

വിഹിതം - 2 കോടി രൂപ (പദ്ധതി)

- 2.9172 കോടി രൂപ (പദ്ധതിയേതരം)

109. സമുദ്ര ജൈവവൈവിധ്യവും, സമ്പദ്‌വ്യവസ്ഥയും, ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യം എന്നിവയുടെ അച്ചടിക്കൂലി, പരസ്യക്കൂലി, ഇ-ഓഫീസ് നടപ്പിലാക്കൽ, ജീവനക്കാരുടെ ശമ്പളം, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവയ്ക്കും വിഭാവന ചെയ്ത പ്രകാരം പദ്ധതിയേതര പ്രവർത്തികൾ പൂർത്തിയാക്കുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 2 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.89 കോടി രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-97-36—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് - സഹായധനം - ശമ്പളേതരം

വിഹിതം - 1.73 കോടി രൂപ (പദ്ധതി)

- 1.4493 കോടി രൂപ (പദ്ധതിയേതരം)

110. മുൻ വർഷങ്ങളിൽ ഗ്രാന്റ് തുക പൂർണ്ണമായും ലഭിക്കാത്ത സാഹചര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് റിവോൾവിംഗ് ഫണ്ടിൽ നിന്നും പദ്ധതിയിന ചെലവുകൾക്കായി എടുത്ത തുകകൾ റീക്കൂപ്പ് ചെയ്യുന്നതിനും, പദ്ധതിയേതരയിന ചെലവുകൾക്കായി എടുത്ത തുകകൾ റീക്കൂപ്പ് ചെയ്യുന്നതിനും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.0118 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 3.7467 കോടി രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-96-36—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - സഹായധനം -ശമ്പളേതരം

വിഹിതം - 3.20 കോടി രൂപ (പദ്ധതി)

3.4424 കോടി രൂപ (പദ്ധതിയേതരം)

111. ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാന മുദ്രണം പ്രസ്സിന് പുതിയ കെട്ടിടം നിർമ്മിക്കാനായും, ജീവനക്കാരുടെ ശമ്പള-അലവൻസുകളും മറ്റും നൽകുന്നതിനും, വാടക, വൈദ്യുത ചാർജ്, വാട്ടർ ചാർജ്, മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള

തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 1.50 കോടി രൂപയും പദ്ധതിയേതര യിനത്തിൽ 1.5576 കോടി രൂപയും അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-92-36—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി ധനസഹായം - സഹായധനം -ശമ്പളേതരം

വിഹിതം - 80 ലക്ഷം രൂപ (പദ്ധതി)

പദ്ധതിയേതരം (ഇല്ല)

112. ബുക്ക്കഫെ വിപുലീകരണം, ബുക്ക്മാർക്ക് പബ്ലിക്കേഷൻ, ബുക്ക് വെന്റിംഗ് മെഷീൻ, അന്തർദേശീയ പുസ്തകമേള, സഞ്ചരിക്കുന്ന പുസ്തകശാല തുടങ്ങിയ ആവശ്യങ്ങൾക്കും കൂടാതെ ജീവനക്കാരുടെ ശമ്പളം, ഓഫീസുകളുടെ വാടക എന്നിവയ്ക്കായും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 49.50 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-86—മലയാളം മിഷൻ

വിഹിതം - 2.50 കോടി രൂപ (പദ്ധതി)

37.44 ലക്ഷം രൂപ (പദ്ധതിയേതരം)

113. മലയാളം മിഷൻ വിപുലീകരിക്കപ്പെടുകയും ഊർജ്ജസ്വലമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായുള്ള പഠനവണ്ടി, കരിക്കുലം സിലബസ്, പ്രവാസി സാഹിത്യ സമ്മേളനം തുടങ്ങിയ പ്രോജക്ടുകൾക്ക് വേണ്ടിയും ജീവനക്കാരുടെ ശമ്പളം, വേതനം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, ദൈനംദിന ഓഫീസ് ചെലവുകൾ, സ്റ്റേഷനറി എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.53 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 36.48 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-97-31—കേരള കലാമണ്ഡലം - സഹായധനം - ശമ്പളം

വിഹിതം - 8.8708 കോടി രൂപ (പദ്ധതിയേതരം)

114. ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള ഇനത്തിൽ ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി 7.5047 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-97-36—കേരള കലാമണ്ഡലം -സഹായധനം -ശമ്പളേതരം

വിഹിതം - 27.50 കോടി രൂപ (പദ്ധതി)

115. കേരള കലാമണ്ഡലത്തിൽ നടന്നുവരുന്ന വിവിധ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി 9.61 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-96—ജവഹർ ബാലഭവൻ

വിഹിതം -5 കോടി രൂപ (പദ്ധതി)

-2.2331 കോടി രൂപ (പദ്ധതിയേതരം)

116. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ബാലഭവനുകളുടെ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ) പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 2.8673 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 6.3323 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-89—തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂർ, മലപ്പുറം

വിഹിതം - 70 ലക്ഷം രൂപ (പദ്ധതി)

-1 കോടി രൂപ (പദ്ധതിയേതരം)

117. തുഞ്ചൻ സ്മാരകത്തിലെ പഴക്കം ചെന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ, സ്മാരകത്തിലെ പരിസരം മോടിപിടിപ്പിക്കൽ തുടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ അധികമായി 4.15 കോടി രൂപയും ജീവനക്കാരുടെ വേതനം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ അധികമായി 50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-97-36—കേരള സാഹിത്യ അക്കാദമി ധനസഹായം

വിഹിതം - 5 കോടി രൂപ (പദ്ധതി)

- 1.3779 കോടി രൂപ (പദ്ധതിയേതരം)

118. സാംസ്കാരിക രംഗത്ത് കൂടുതൽ വ്യാപകമായ പ്രവർത്തനങ്ങൾ ആവശ്യമായി വരുന്ന സാഹചര്യത്തിൽ പദ്ധതിയിനത്തിൽ കൂടുതൽ തുക ആവശ്യമാണ്. ജീവനക്കാരുടെ ഡി.എ. വർദ്ധന, പെൻഷനാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായും ഡിജിറ്റൈസേഷൻ എന്നിവയ്ക്കായും അധിക തുക ആവശ്യമുണ്ട്. ആയതിനാൽ പദ്ധതിയിനത്തിൽ 6.65 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 2.5583 കോടി രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-91—കേരള ലളിതകലാ അക്കാഡമി

വിഹിതം -7.50 കോടി രൂപ (പദ്ധതി)

-1.8374 കോടി രൂപ (പദ്ധതിയേതരം)

119. എറണാകുളം കലാകേന്ദ്രം, തൃശ്ശൂർ ആസ്ഥാന മന്ദിരം എന്നിവയുടെ അറ്റകുറ്റപണികൾ, കോഴിക്കോട് ആർട്ട് ഗ്യാലറി നിർമ്മാണം, കിളിമാനൂർ രാജാരവിവർമ്മ സ്മാരക നിലയം, കലാവസ്തുക്കളുടെ സ്റ്റോറേജ് നിർമ്മാണം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ അധികമായി 10 കോടി രൂപയും ജീവനക്കാരുടെ ശമ്പളം, വേതനം, ഗ്യാലറികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ അധികമായി 2.50 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-90-36—കേരള സംഗീതനാടക അക്കാഡമി

വിഹിതം -13 കോടി രൂപ (പദ്ധതി)

-1.1810 കോടി രൂപ (പദ്ധതിയേതരം)

120. കേരള സംഗീത നാടക അക്കാദമിക്ക് കീഴിൽ നടത്താൻ ഉദ്ദേശിക്കുന്ന പരിപാടികൾക്കും, നവീകരണ പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളം, ശമ്പള പരിഷ്ക്കരണം, ശമ്പള കുടിശ്ശിക, യാത്രാബത്ത, ഓഫീസ് ചെലവുകൾ തുടങ്ങിയ ആവശ്യങ്ങൾക്കായി നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 4.075 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 2.509 കോടി രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-86-36—കഥകളി പരിശീലനം - മാർഗി

വിഹിതം - 1.50 കോടി രൂപ (പദ്ധതി)

പദ്ധതിയേതരം (ഇല്ല)

121. ആട്ടക്കഥകൾ അവതരിപ്പിക്കുന്നതിനും സ്കൂൾ തലത്തിൽ പഠിക്കുന്ന കുട്ടികൾക്ക് കഥകളി, കൂടിയാട്ടം, ചെണ്ട, മദ്ദളം തുടങ്ങിയവയിൽ സൗജന്യ പരിശീലനം, മാർഗ്ഗിയിൽ ഉപരിപഠനത്തിന് വരുന്നവർക്ക് വിദഗ്ധ പരിശീലനം, സായിഗ്രാമത്തിലെ കുട്ടികൾക്ക് കഥകളി, ചെണ്ട പരിശീലനം, ശ്രീചിത്രാ ഹോമിലെ പെൺകുട്ടികൾക്ക് സൗജന്യമായി നങ്ങ്യാർകൂത്തിൽ പരിശീലനം തുടങ്ങിയ ആവശ്യങ്ങൾക്കായി അധിക തുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 25 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 60 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-82-36—തിരുവനന്തപുരം ഭാരത് ഭവൻ -സഹായധനം - ശമ്പളേതരം

വിഹിതം -1.28 കോടി രൂപ (പദ്ധതി)

-22.80 ലക്ഷം രൂപ (പദ്ധതിയേതരം)

122. യേശുദാസ് ഡിജിറ്റൽ ലൈബ്രറിക്കായും പദ്ധതി വിഹിതത്തിലെ മുഴുവൻ സാംസ്കാരിക അവതരണങ്ങളുടെ നടത്തിപ്പിനായും, ജീവനക്കാരുടെ ശമ്പളം, വൈദ്യുതി ചെലവ്, വെള്ളക്കരം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 4.4785 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 32.24285 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-80 —നാട്ടരങ്ങ്

വിഹിതം - 50 ലക്ഷം രൂപ (പദ്ധതി)

123. നിലവിൽ ലഭ്യമായിട്ടുള്ള പ്രൊപ്പോസലുകൾ പ്രകാരം നാല് നാട്ടരങ്ങുകളുടെ പൂർത്തീകരണത്തിന് ബജറ്റ് വിഹിതത്തിന് പുറമേ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-76—ഗുരു ഗോപിനാഥ് നടനഗ്രാമം, വട്ടിയൂർക്കാവ്

വിഹിതം -1.50 കോടി രൂപ (പദ്ധതി)

-50 ലക്ഷം രൂപ (പദ്ധതിയേതരം)

124. തിയറ്റർ വാക്സ് മ്യൂസിയത്തിന്റെ നവീകരണം, ഡിജിറ്റൈസേഷൻ, ഡോക്യുമെന്റേഷൻ പ്രവർത്തനം എന്നിവയ്ക്ക് പദ്ധതിയിനത്തിൽ അധികമായി 1 കോടി രൂപയും ജീവനക്കാരുടെ ശമ്പളം നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ അധികമായി 40 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-75 —അന്താരാഷ്ട്ര ചലച്ചിത്രമേള

വിഹിതം - 66.15 ലക്ഷം രൂപ (പദ്ധതിയേതരം)

125. അന്താരാഷ്ട്ര ചലചിത്രോത്സവത്തിന് അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-74-36 —കേരള നാടൻകല അക്കാഡമി - സഹായധനം - ശമ്പളേതരം

വിഹിതം - 5 കോടി രൂപ (പദ്ധതി)

- 27.97 ലക്ഷം രൂപ (പദ്ധതിയേതരം)

126. മ്യൂസിയത്തിൽ എത്തുന്ന സന്ദർശകരുടെ സൗകര്യാർത്ഥം ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും, കാളൻ സ്മാരകത്തിന്റെ രണ്ടാം നിലയിൽ ഒരു ഗസ്റ്റ് റൂം പണിയുന്നതിനും ജിവനക്കാരുടെയും സെക്രട്ടറിയുടെയും ശമ്പളം, ചെയർമാൻ, വൈസ് ചെയർമാൻ എന്നിവരുടെ ഓണറേറിയം, യാത്രാപ്പടി, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 60 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-68-36—വാസ്തുവിദ്യാ ഗുരുകുലം - സഹായധനം -ശമ്പളേതരം

വിഹിതം- 2 കോടി രൂപ (പദ്ധതി)

പദ്ധതിയേതരം - ഇല്ല

127. പാരമ്പര്യ വാസ്തുവിദ്യാ, ചുമർചിത്രരചന, സുസ്ഥിര സാങ്കേതിക വിദ്യ എന്നിവയുടെ സംരക്ഷണവും പ്രചാരണവും, ഓഫീസ് മന്ദിര നവീകരണം, ആസ്ഥാന മന്ദിര നിർമ്മാണം, ജീവനക്കാരുടെ ശമ്പളം, പേ റിവിഷൻ കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 14 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-67—അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്ത കർക്കുള്ള അടിയന്തര ചികിത്സയ്ക്കുള്ള സാമ്പത്തിക സഹായം

വിഹിതം - 11 ലക്ഷം രൂപ (പദ്ധതിയേതരം)

128. ഈ പദ്ധതിയിൻ കീഴിൽ ലഭ്യമാകുന്ന അപേക്ഷകരുടെ എണ്ണം കൂടുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 14 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-66-31—കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി -സഹായധനം - ശമ്പളം

വിഹിതം - 1.1912 കോടി രൂപ (പദ്ധതിയേതരം)

129. അക്കാദമിയിലെ ജീവനക്കാരുടെ ശമ്പളം, വേതനം, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ് എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-66-36—കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി - സഹായധനം - ശമ്പളേതരം

വിഹിതം - 16 കോടി രൂപ (പദ്ധതി)

- 2.3020 കോടി രൂപ (പദ്ധതിയേതരം)

130. മലയാള സിനിമാ മ്യൂസിയത്തിന്റെ നിർമ്മാണം, അന്താരാഷ്ട്ര ചലച്ചിത്രോത്സവം, അന്താരാഷ്ട്ര ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, സിനിമാ രംഗത്തെ വനിതകൾക്കായുള്ള തൊഴിൽ പരിശീലന പദ്ധതി എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5.25 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.25 കോടി രൂപയും അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-65-33—മലയാള ചലച്ചിത്രങ്ങൾക്കുള്ള സബ്സിഡി -സബ്സിഡികൾ

വിഹിതം - 1.4115 കോടി രൂപ (പദ്ധതിയേതരം)

131. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന ചിത്രങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാലും, മുൻ വർഷങ്ങളിലെ സബ്സിഡി കുടിശ്ശിക നൽകുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്, ആയതിനാൽ ഈ ഇനത്തിൽ അധികമായി

8 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-63—മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി

വിഹിതം -50 ലക്ഷം രൂപ (പദ്ധതി)

-75 ലക്ഷം രൂപ (പദ്ധതിയേതരം)

132. ഗ്രാന്റിൽ കുറവ് വന്നതുകാരണം മന്ദഗതിയിലായതും നിർത്തിവച്ചതുമായ അക്കാഡമിയുടെ നിരവധി പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി പദ്ധതിയിനത്തിൽ 25 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-55—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ വിഹിതം - 60 ലക്ഷം രൂപ (പദ്ധതിയേതരം)

133. സ്മാരക സംരക്ഷണം, തീർത്ഥാടകർക്കും ടൂറിസ്റ്റുകൾക്കും സൗകര്യങ്ങളൊരുക്കൽ തുടങ്ങിയവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-40—വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം) തിരുവനന്തപുരം

വിഹിതം - 3 കോടി രൂപ (പദ്ധതി)

- 82.62 ലക്ഷം രൂപ (പദ്ധതിയേതരം)

134. സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യത്തിനും വികസനത്തിനും ഓഫീസ് ചെലവുകൾക്കും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അധിക തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ പദ്ധതിയിനത്തിൽ 9.57 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 63.38 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-32-36—ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം, ചെമ്പഴന്തി

വിഹിതം -25 ലക്ഷം രൂപ (പദ്ധതിയേതരം)

135. വെള്ളയമ്പലം ശ്രീനാരായണഗുരു പാർക്കിന്റെ പരിപാലനത്തിനും, ഓഫീസ് ചെലവിനങ്ങൾക്കും പദ്ധതിയേതരയിനത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുതയിനത്തിൽ അധികമായി 6.88 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-31-10—കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട് - സംഭാവന

വിഹിതം - 22.50 ലക്ഷം രൂപ (പദ്ധതിയേതരം)

136. അധിക ഭരണ ചെലവുകൾ നിറവേറ്റുന്നതിനായി പദ്ധതിയേതരയിനത്തിൽ അധികമായി 74.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-18—കേരള സംസ്കാരത്തിന്റെ വ്യാപനം

വിഹിതം - 1 കോടി രൂപ (പദ്ധതി)

137. വകുപ്പിന്റെ വെബ് സൈറ്റ് അപ്ഡേഷൻ, ദേശീയ അന്തർദേശീയ പരിപാടികൾ, എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 1 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-12—കൊങ്കണി സാഹിത്യ അക്കാഡമി

വിഹിതം - 10 ലക്ഷം രൂപ (പദ്ധതിയേതരം)

138. സാക്ഷരതാ പരിപാടി, പുസ്തക പ്രകാശനം, സാഹിത്യ സാംസ്കാരിക പരിപാടികൾ, വാടക, ശമ്പളം എന്നീ ഇനങ്ങളിലെ ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-99-04-1—പുരാവസ്തു വകുപ്പ് - യാത്രാചെലവുകൾ - യാത്രാബത്ത

വിഹിതം- 1.50 ലക്ഷം രൂപ (പദ്ധതിയേതരം)

139. സംരക്ഷിത സ്മാരകങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതിനാൽ അവയുടെ സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾക്കായി ഉദ്യോഗസ്ഥരുടെ യാത്രാബത്ത ഇനത്തിൽ 50,000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-99-05-1—പുരാവസ്തു വകുപ്പ് - ഓഫീസ് ചെലവുകൾ - വെള്ളക്കരം

വിഹിതം -75,000 രൂപ (പദ്ധതിയേതരം)

140. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 1 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-99-05-2—പുരാവസ്തു വകുപ്പ് - ഓഫീസ് ചെലവുകൾ വൈദ്യുതി ചെലവ്

വിഹിതം - 30.75 ലക്ഷം രൂപ (പദ്ധതിയേതരം)

141. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 7 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-99-34-3—പുരാവസ്തു വകുപ്പ് - മറ്റു ചെലവുകൾ - മറ്റിനം

വിഹിതം - 4.50 ലക്ഷം രൂപ (പദ്ധതിയേതരം)

142. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-85—പൈതൃക പഠന കേന്ദ്രം

വിഹിതം - 80 ലക്ഷം രൂപ (പദ്ധതി)

- 10 ലക്ഷം രൂപ (പദ്ധതിയേതരം)

143. പദ്ധതി-പദ്ധതിയേതരയിനങ്ങൾക്കായി ആകെ 2,50,98,500 രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 20 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 20.99 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-104-99—കേരള സംസ്ഥാന പുരാരേഖ വകുപ്പ്

വിഹിതം - 13.7711 കോടി രൂപ (പദ്ധതിയേതരം)

144. സംസ്ഥാന പുരാരേഖ വകുപ്പിന്റെ വിവിധ ഓഫീസുകളിലെ വാടക, കരം, നികുതി, യാത്രാബത്ത എന്നീ ഇനങ്ങളിലെ ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയ

തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 6.5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-107-91—എ.കെ.ജി. സ്മാരക മ്യൂസിയം

വിഹിതം - 4.50 കോടി രൂപ (പദ്ധതി)

145. കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ സ്ഥാപിച്ച എ.കെ.ജി. സ്മൃതി മ്യൂസിയത്തിന് മുന്നിലായി ലാന്റ് സ്കേപ്പിംഗ് പ്രവർത്തികൾ നിർമ്മിക്കുന്നതിന് വകയിരുത്തിയ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-190-99-01—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ - മരാമത്ത് പണികൾ

വിഹിതം - 24 കോടി രൂപ (പദ്ധതി)

146. നിലവിൽ വകയിരുത്തിയ തുക 2026-27 വർഷത്തെ പദ്ധതികൾ പ്രാവർത്തികമാക്കാൻ അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 82 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-800-84—കലാകാരന്മാർക്കുള്ള അഭയ കേന്ദ്രം (ഹോം സ്റ്റേ)/ കലാ ഗ്രാമം.

വിഹിതം - 50 ലക്ഷം രൂപ (പദ്ധതി)

147. നിർമ്മാണ പ്രവർത്തികൾക്കായി നിലവിലെ ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാകയാൽ അധികമായി 5 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-800-85—ഡയറക്ടറേറ്റ് ഓഫ് കൾച്ചർ കോംപ്ലക്സിന്റെ നിർമ്മാണം

വിഹിതം - 1 കോടി രൂപ (പദ്ധതി)

148. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും നിർമ്മാണത്തിനുമായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാകയാൽ അധികമായി 2 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കായിക യുവജനകാര്യ വകുപ്പ്

2204-00-001-99-04—കായികയുവജനകാര്യ ഡയറക്ടറേറ്റ് - യാത്രാ ചെലവുകൾ

വിഹിതം - 3.97 ലക്ഷം രൂപ (പദ്ധതിയേതരം)

149. ജീവനക്കാർക്ക് സിവിൽ സർവീസസ് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും പ്രോജക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച യാത്രാ ചെലവുകൾക്കുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-101-94—സ്പോർട്സ് സ്കൂളുകളിലെയും സ്പോർട്സ് ഡിവിഷനുകളിലെയും വിദ്യാർത്ഥികൾക്കുള്ള ധനസഹായം

വിഹിതം - 6 ലക്ഷം രൂപ (പദ്ധതിയേതരം)

150. സ്പോർട്സ് സ്കൂളുകളിലെയും സ്പോർട്സ് ഡിവിഷനുകളിലെയും വിദ്യാർത്ഥികൾക്കുള്ള ധനസഹായത്തിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 4.87 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-103-98-31—യൂത്ത് വെൽഫയർ ബോർഡ്-സഹായധനം- ശമ്പളം

വിഹിതം - 40.91 ലക്ഷം രൂപ (പദ്ധതിയേതരം)

151. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 3.51 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-103-98-36—യൂത്ത് വെൽഫയർ ബോർഡ്-സഹായധനം - ശമ്പളേതരം

വിഹിതം - 21.65 കോടി രൂപ (പദ്ധതി)

152. യൂത്ത് ഫോറം, ക്ലബ്ബുകൾ, യുവശക്തി എന്നീ ഇനങ്ങൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികമായി 4.55 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-103-68-31—കേരള സംസ്ഥാന യൂത്ത് കമ്മീഷൻ -സഹായധനം -ശമ്പളം

വിഹിതം - 88.78 ലക്ഷം രൂപ (പദ്ധതിയേതരം)

153. കേരള സംസ്ഥാന യൂത്ത് കമ്മീഷനിലെ ജീവനക്കാരുടെ ശമ്പളം, കമ്മീഷൻ അംഗങ്ങളുടെ ഓണറേറിയം എന്നിവ നൽകുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 43.55 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-103-68-36—കേരള സംസ്ഥാന യൂത്ത് കമ്മീഷൻ – സഹായധനം -ശമ്പളേതരം

വിഹിതം- 1 കോടി രൂപ (പദ്ധതി)

154. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികമായി 11.32 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-103-68-36—കേരള സംസ്ഥാന യൂത്ത് കമ്മീഷൻ-സഹായധനം -ശമ്പളേതരം

വിഹിതം - 12.29 ലക്ഷം രൂപ (പദ്ധതിയേതരം)

155. സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ഔദ്യോഗിക വാഹന വാടക, ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, വൈദ്യുതി ചാർജ്, ടെലിഫോൺ ചാർജ് തുടങ്ങിയ ഇനങ്ങളിലുള്ള ചെലവ്, ഔദ്യോഗിക വെബ്സൈറ്റിന്റെ ആന്വൽ മെയിന്റനൻസ് എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികമായി 28.21 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-97-31—കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം - സഹായധനം - ശമ്പളം

വിഹിതം - 12.2636 കോടി രൂപ (പദ്ധതിയേതരം)

156. സ്പോർട്സ് കൗൺസിലെ ജീവനക്കാർക്ക് പുതുക്കിയ ഡി.എ. ഡി.എ. കുടിശ്ശിക, പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 10.9364 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-97-36—കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം - സഹായധനം - ശമ്പളേതരം

വിഹിതം - 6.1961 കോടി രൂപ (പദ്ധതിയേതരം)

157. ശമ്പളം, പെൻഷൻ, യാത്രാബത്ത എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികമായി 14 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-97-36—കേരള സംസ്ഥാന സ്പോർട്സ് ധനസഹായം -സഹായധനം - ശമ്പളേതരം

വിഹിതം - 36.83 കോടി രൂപ (പദ്ധതി)

158. സ്പോർട്സ് ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനം, അസോസിയേഷനുകളുടെ ഗ്രാന്റ്, എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികമായി 39 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-95—ദേശീയവും അന്തർദേശീയവുമായ കായിക മത്സരങ്ങളിൽ വിജയികൾക്ക് പ്രോത്സാഹന സമ്മാന തുക

വിഹിതം - 1.50 കോടി രൂപ (പദ്ധതിയേതരം)

159. 2019-20 മുതൽ 2025-26 വരെയുള്ള അവാർഡ് തുക കുടിശ്ശികയും 2026-27 വർഷത്തെ അവാർഡ് നൽകുന്നതിനും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 3.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-91-05—ഡിപ്പാർട്ടുമെന്റ് സ്കൂളുകളിൽ കായികവിനോദ വിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ (സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും - ഓഫീസ് ചെലവുകൾ - വെള്ളക്കരം

വിഹിതം - 7.53 ലക്ഷം രൂപ (പദ്ധതിയേതരം)

160. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികമായി 28.47 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-89—സിവിൽ സർവ്വീസസ് ടൂർണമെന്റിന്റെ നടത്തിപ്പിനുള്ള ധനസഹായം

വിഹിതം - 11.43 ലക്ഷം രൂപ (പദ്ധതിയേതരം)

161. കിറ്റ്, ഡയറ്റ് അലവൻസ്, കാഷ് അവാർഡ് തുക എന്നിവ വർദ്ധിപ്പിച്ചതിനാലും കൂടുതൽ ഇനങ്ങൾ സംസ്ഥാന മീറ്റിൽ ഉൾപ്പെടുത്തിയതിനാലും ബഡ്ജറ്റിലെ നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 33 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-45 —സ്പോർട്സിന് അടിസ്ഥാന സൗകര്യങ്ങൾ

വിഹിതം - 16.50 കോടി രൂപ (പദ്ധതി)

162. കായിക വകുപ്പിന്റെ നിർമ്മാണ പ്രവർത്തികൾക്ക് ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 8.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-03-102-95 —സ്പോർട്സ് എഞ്ചിനീയറിംഗ്

വിഹിതം - 60 ലക്ഷം രൂപ (പദ്ധതി)

163. സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ഭരണപരമായ ചെലവുകൾക്ക് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-03-102-94—സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ

വിഹിതം -14 കോടി രൂപ (പദ്ധതി)

164. കായിക വകുപ്പിന്റെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കും ടിവാൻഡ്രം ഫുഡ്ബാൾ അസോസിയേഷന്റെ ഭൂമിയിൽ കെട്ടിടം പണിയുന്നതിനും ബജറ്റിലെ നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 16 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XLVI

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

വോട്ടു ചെയ്തത് : 21076.5819 കോടി രൂപ

ചാർജ്ജ് ചെയ്തത് : 1000 രൂപ

2235-02-101-99-34-3—ബധിര, മൂക, അന്ധ വിദ്യാലയങ്ങൾ -മറ്റ് ചെലവുകൾ - മറ്റിനം

വിഹിതം - 11.03 ലക്ഷം രൂപ (പദ്ധതിയേതരം)

165. 2025-26 വർഷത്തെ തുകകൾ പൂർണ്ണമായി വിതരണം ചെയ്യുന്നതിന് നിലവിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-102-93-35—മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പാങ്ങപ്പാറ - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള ധനസഹായം

വിഹിതം - 3.7217 കോടി രൂപ(പദ്ധതി)

166. സ്ഥാപനത്തിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ആന്റ് ഹോസ്റ്റൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈയിനത്തിൽ 9.12 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വി. ശിവൻകുട്ടി,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VI.

തിരുവനന്തപുരം,
2026 ഫെബ്രുവരി 17.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.